# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2509** — **12/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായി രൂപീകരിച്ച കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതി **07.10.2019** തീയതി ലഭിച്ചിട്ടുണ്ട്. **29.11.2019**-ന് **13** ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് കേരള ബാങ്ക് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലയനശേഷമുള്ള വിശേഷാൽ പൊതുയോഗം **20.01.2020**-ന് ചേരുകയുണ്ടായി. കേരള ബാങ്കിന്റെ നിയമാവലി ഭേദഗതിയ്ക്ക് ടി പൊതുയോഗം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിൽ ചേരുന്നതിന് വിസമ്മതിച്ച മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരളബാങ്കിന്റെ ഭാഗമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ നിയമപ്രകാരം മലപ്പുറം ജില്ലാ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | കേരള ബാങ്ക് പൂർണ്ണതോതിൽ എന്ന് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) & (ഡി) | കേരള ബാങ്ക് **30.11.2019** മുതൽ നിയമപരമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കേരള ബാങ്കിനെ അത്യാധുനിക സാങ്കേതിക വിദ്യയോടും സേവന സന്നദ്ധതയോടെയും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.